# Weekly Devotion - December 2017

## The faith, once entrusted ( ഒരിക്കലായി ഭരമേല്പിച്ച വിശ്വാസം)




ലോകമനുഷ്യർ പലതും കണ്ട് വിശ്വസിക്കുമ്പോൾ, ഒന്നും കാണാതെ വിശ്വാസത്താൽ സ്തോത്രം ചെയ്ത് നേടി എടുക്കുന്നവരാണ് യഥാർത്ഥ വിശ്വാസികൾ എബ്രാ:(11:1) ൽ പറയുന്നു വിശ്വാസം എന്നതോ ആശിയ്ക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു. റോമ:(10:17) ൽ വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തവിന്റെ വചനത്താലും വരുന്നു എന്ന് വ്യക്തമാക്കുന്നു. അവൻ പാപ സംബ സ്ധമായി ഒരിക്കലായി മരിച്ചത് നമ്മെ പാപ ബന്ധനത്തിൽ നിന്ന് സ്വതന്ത്രരാക്കുവാനായിരുന്നു ക്രിസ്തു ജീവിക്കുന്നത് ദൈവത്തിനായി എന്നപോലെ നാമും ക്രിസ്തു യേശുവിൽ ദൈവത്തിനായി ജീവിക്കേണം എന്നത് മറക്കരുത്. സ്വന്തജീവൻ വിലയായി നൽകി നമ്മെ വീണ്ടെടുത്തു എന്നതിനാൽ ആ വലിയ സത്യം വിസ്മരിക്കുവാൻ പാടില്ല. നമ്മെ ഭരമേലപിച്ച ഈ വലിയ വിശ്വാസം കാത്തു സൂക്ഷിച്ചാൽ മാത്രമേ ലഭിച്ച സൗജ ന്യ രക്ഷ നിലനിർത്തുവാൻ കഴിയുകയുള്ളു.

തന്നെ വിളിച്ചിറക്കിയ ദൈവത്തെ ഒരിക്കൽ വിശ്വസിച്ച അബ്രഹാം അതിന് കോട്ടം തട്ടാതെ സൂക്ഷിച്ചു. താൻ പരീക്ഷിക്കപ്പെട്ടപ്പോൾ യിസഹാക്കിനെ യാഗം അർപ്പിച്ച അബ്രഹാം ദൈവം ശക്തനെന്ന് എണ്ണിയതു കൊണ്ട് മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേറ്റതുപോലെ അവനെ തിരികെ കൊണ്ടു പോയി.

Read എബ്രാ:(11.17-19)

കള്ള പ്രവാചകന്മാരും ലോക സ്നേഹികളും വളരെയുള്ള കാലത്ത് വിളികേട്ട് ഇറങ്ങിയവർക്ക് വഴിതെറ്റുകയോ വിശ്വാസഭംഗം സംഭവിക്കുകയോ ചെയ്യരുത്, നമ്മെ വഴിതെറ്റിക്കുവാൻ ആഗ്രഹിക്കുന്നവ രോട് പോരാടുവാൻ ഒരിക്കലായി ലഭിച്ച വിശ്വാസം വചനത്താൽ ശക്തിപ്പെടുത്തുക. ദൂഷകനും ഉപദ്രവിയും നിഷ്ഠൂരനും ആയ തന്നെ വിളിച്ച് ശക്തി നൽകി, വിശ്വസ്തൻ എന്ന് എണ്ണി ഏലപിച്ച ശുശ്രൂഷ കൃപയാൽ പൗലോസ് ഭംഗിയായി പൂർത്തിയാക്കി. അതുകൊണ്ടാണ് ഓട്ടം തികച്ച തനിയക്ക് നീതിയുടെ കിരീടം ലഭിക്ക മെന്ന് ധൈര്യമായി പ്രസ്തുവിപ്പാൻ കഴിഞ്ഞത്.

അസാദ്ധ്യമെന്ന് കരുതുന്നതു പലതും വിശ്വാസത്താൽ നമുക്ക് ചെയ്യുവാൻ കഴിയും അതിനാണ് വിശ്വാസം അവൻ നമ്മിലേക്ക് പകർന്നത് . എന്നാൽ പത്രോസിനെപ്പോലെ നോട്ടം തെറ്റി ഭയന്ന് നിലവിളിക്കുന്ന സാഹചര്യത്തിൽ നമ്മോടും പത്രോസിനോട് ചോദിച്ച ചോദ്യം അവൻ ചോദിക്കും.''അല്പവിശ്വാസിയേ നീ എന്തിന് സംശയിച്ചു'' എന്ന് (മത്താ:14:31). ഒരിക്കലായി ഭരമേല്പിച്ച വിശ്വാസം സൂക്ഷിക്കുന്നവൻ രക്ഷകനിൽ നിന്ന് നോട്ടം മാറ്റുന്നില്ല. നാമോ........?

അവിശ്വാസവും സംശയവും നമ്മുടെ അനുഗ്രഹത്തെ ഇല്ലാതാക്കുന്നു. അവിശ്വാസം ദൈവത്തിന് പ്രവത്തിപ്പാൻ അവസരം നൽകുന്നില്ല. മാനുഷിക വീക്ഷണത്തിൽ കാര്യങ്ങൾ കാണുന്നവർ ദൈവവചന ത്തിന് വിലകല്പിക്കാത്തവർ ആകുന്നു. വിശ്വാസത്തിന്റെ കാഹളം മുഴക്കുന്നവരായിത്തീരുവാൻ ഏതു സാഹചര്യത്തിലും നമ്മുക്ക് കഴിയണം.

ഉദാഹരണമായി (1) ദാനി (6;10) (6:23) പ്രതികൂലങ്ങൾ ഉയർത്തി തകർക്കുവാൻ ശത്രുക്കൾ ശ്രമിച്ച പ്പോഴും അടുക്കും ചിട്ടയുമുള്ളവനായി താൻ മുമ്പെ ചെയ്തു വന്നതു പോലെ വിശ്വാസത്തിന്റെ കാഹളം മുഴക്കിയവനാണ് ദാനിയേൽ.

2) വിശ്വാസത്തോടെ വിലാപഗാനം മുഴക്കിയവൾ,തന്റെ പ്രാർത്ഥനകേട്ട് പ്രവർത്തിച്ചവന് നന്ദിയുടെ കാഹളം. മുഴക്കിയത് 1ശമു (1:27), (2:1-10) വരെയുള്ള ഭാഗങ്ങളിൽ കാണാം.

3) സധൈര്യം വിശ്വാസത്തിന്റെ കാഹളം ഊതിയ ഏലിയാവിനെ 1 രാജ:(17:1) ൽ കാണുന്ന

പ്രിയരേ ! ഇപ്രകാരം ഒരിക്കലായി നമ്മെ ഭാരമേല്പിച്ച വിശ്വാസം ഉള്ളിൽ നിറച്ച്, മുഖത്ത് ആ ശോഭയുള്ളവരാ കുവാൻ മുഖപ്രകാശ രക്ഷകനോട് ചേർന്നിരിപ്പാൻ ദൈവം സഹായിക്കട്ടെ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind